| 03-04-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബ വന്നിരിക്കുകയാണ് നിങ്ങൾക്ക് ജ്ഞാനത്തിന്റെ തൃക്കണ്ണ് നൽകുന്നതിന്, അതിലൂടെ നിങ്ങൾ സൃഷ്ടിയുടെ ആദി, മദ്ധ്യ-അന്ത്യത്തെ മനസ്സിലാക്കി ബുദ്ധിവാനായി മാറിയിരിക്കുന്നു.**

**ചോദ്യം:** ആത്മാവിനേയും ശരീരത്തേയും പവിത്രമാക്കി മാറ്റാനും അതേപോലെ രാജപദവിയുടെ അധികാരം പ്രാപ്തമാക്കാനുമുള്ള സഹജ വിധി എന്താണ്?

**ഉത്തരം:** നിങ്ങളുടെ പക്കൽ ദേഹസഹിതം എന്തെല്ലാം പഴയ വസ്തുക്കളുണ്ടോ അതിനെയെല്ലാം കൈമാറ്റം ചെയ്യൂ. ബാബയെ ഏല്പിക്കൂ. പൂർണ്ണമായും ബലിയർപ്പിക്കൂ, ബാബയെ സൂക്ഷിപ്പുകാരനാക്കി മാറ്റൂ. ശ്രീമതപ്രകാരം നടന്നുകൊണ്ടേയിരിക്കൂ, എങ്കിൽ ആത്മാവും ശരീരവും പവിത്രമായി മാറും. രാജപദവി പ്രാപ്തമാകും. ജനകനും ബലിയർപ്പിച്ചപ്പോൾ അദ്ദേഹത്തിന്ന് ജീവൻമുക്തി ലഭിച്ചു, നിങ്ങൾ കുട്ടികളും ബാബയെ അവകാശിയാക്കി മാറ്റൂ എങ്കിൽ 21 ജന്മത്തേക്ക് അധികാരം ലഭിക്കും.

**ഗീതം:** കണ്ണില്ലാത്തവർക്ക് വഴി കാണിച്ചുകൊടുക്കൂ പ്രഭൂ . . . . . .

**ഓം ശാന്തി**. കുട്ടികൾ പാട്ട് കേട്ടു. ഇത് ഭക്തർ ഭഗവാനെ വിളിക്കുന്നതാണ്. ഭഗവാനെ പൂർണ്ണമായും അറിയാത്തതുകാരണം മനുഷ്യർ എത്ര ദുഃഖിതരാണ്. എത്ര തലയിട്ടു തല്ലിക്കൊണ്ടിരിക്കുകയാണ്, ഭക്തി മാർഗ്ഗത്തിൽ. കേവലം ഈ ജന്മത്തിന്റെ കാര്യമല്ല. എപ്പോഴാണോ ഭക്തി തുടങ്ങിയത് അപ്പോൾ മുതൽക്കേ ഉന്തും തള്ളും ഏറ്റുകൊണ്ടിരിക്കുകയാണ്. ഭാരതത്തിൽ തന്നെയായിരുന്നു പൂജ്യദേവിദേവതകളുടെ രാജ്യം, അതിനെ സ്വർഗ്ഗം, സത്യമായ ഖണ്ഡം എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ഭാരതം അസത്യ ഖണ്ഡമാണ്. ഭാരതത്തിന്റെ പ്രശസ്തി വളരെ ശ്രേഷ്ഠമായിരുന്നു എന്തുകൊണ്ടെന്നാൽ ഭാരതം പരമപിതാ പരമാത്മാവിന്റെ ജന്മഭൂമിയാണ്. അദ്ദേഹത്തിന്റെ ശരിയായ പേര് ശിവനെന്നു തന്നെയാണ്. ശിവജയന്തി ആഘോഷിക്കുന്നുമുണ്ട്. രുദ്ര ജയന്തിയെന്നോ സോമനാഥജയന്തിയെന്നോ പറയാറില്ല. ശിവ ജയന്തിയെന്നോ അല്ലെങ്കിൽ ശിവരാത്രിയെന്നോ ആണ് പറയുന്നത്. ഇപ്പോൾ എല്ലാവരും നയനഹീനരും ബുദ്ധിഹീനരുമാണ് കാരണം സർവ്വരിലും 5 വികാരങ്ങളുടെ പ്രവേശതയുണ്ട്. രാവണനാണ് നയനഹീനരും ബുദ്ധിഹീനരുമാക്കി മാറ്റിയത്, അന്യോന്യം ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ഭാരതം സ്വർഗ്ഗമായിരുന്നപ്പോൾ ദുഃഖത്തിന്റെ പേരുപോലുമുണ്ടായിരുന്നില്ല. സ്വർഗ്ഗം സ്ഥാപിക്കുന്നവൻ *ഹെവൻലി ഗോഡ് ഫാദറാണ്.* വാസ്തവത്തിൽ എല്ലാ ഭക്തരുടേയും ഭഗവാൻ തീർച്ചയായും ഒന്നായിരിക്കണമല്ലോ. എല്ലാവരും നയനഹീനരാണ് അതായത് ജ്ഞാന നേത്രം അഥവാ *ദിവ്യദൃഷ്ടിയില്ല.* ഭഗവാനുവാചാ, ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്. ശ്രീമത് ഭഗവത് ഗീതയാണ് മുഖ്യമായത്. ശ്രീ അതായത് ശ്രേഷ്ഠ മതം കൊണ്ട് നിങ്ങളെ ബുദ്ധിവാന്മാരാക്കി മാറ്റുന്നു. ദിവ്യചക്ഷു അതായത് ജ്ഞാനത്തിന്റെ തൃക്കണ്ണ് നൽകുന്നു. വാസ്തവത്തിൽ ജ്ഞാനത്തിന്റെ മൂന്നാം കണ്ണ് നിങ്ങൾ ബ്രാഹ്മണർക്കാണ് ലഭിക്കുന്നത്, ഇതുകൊണ്ട് നിങ്ങൾ ബാബയേയും ബാബയുടെ രചനയുടെ ആദി, മദ്ധ്യ-അന്ത്യത്തേയും അറിയുന്നു. ഈ സമയത്ത് സർവ്വവ്യാപിയായിരിക്കുന്നത് ദേഹ അഹങ്കാരവും 5 വികാരങ്ങളുമാണ്, അതുകൊണ്ട് എല്ലാവരും ഘോരമായ അന്ധകാരത്തിലാണ്. നിങ്ങൾ കുട്ടികളുടെ പക്കൽ പ്രകാശമുണ്ട്. ഇപ്പോൾ നിങ്ങൾ ആത്മാക്കൾ ലോകത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും മനസ്സിലാക്കിയിരിക്കുന്നു. മുമ്പെ നിങ്ങളും അജ്ഞാനത്തിലായിരുന്നു, ജ്ഞാനാഞ്ജനം സദ്ഗുരു നല്കി അജ്ഞാന അന്ധകാരം വിനാശമായി . . . . . .ആരായിരുന്നുവോ പൂജ്യർ അവർ തന്നെയാണ് പൂജാരിയായിരിക്കുന്നത്. പൂജ്യർ പ്രകാശത്തിലും, പൂജാരി അന്ധകാരത്തിലുമാണ്. പരമാത്മാവിനെ സ്വയം പൂജ്യനെന്നും, സ്വയംതന്നെ പൂജാരിയെന്നും പറയാൻ കഴിയുകയില്ല. പരമാത്മാവ് പരം പൂജ്യനും മറ്റുള്ളവരെ പൂജ്യനാക്കി മാറ്റുന്നവനുമാണ്. പറയുന്നത് പരമ പൂജ്യ പരമപിതാ പരമാത്മാവെന്നാണ്. കൃഷ്ണനെ അങ്ങിനെ ഒരിക്കലും പറയുകയില്ല. കൃഷ്ണനെ എല്ലാവരും *ഗോഡ് ഫാദർ* എന്ന് പറയുകയില്ല. നിരാകാരനായ ഈശ്വരനെ മാത്രമേ *ഗോഡ് ഫാദർ* എന്ന് പറയുകയുള്ളൂ. ആത്മാവു തന്നെയാണ്, പക്ഷെ പരമമാണ്, അതുകൊണ്ട് പരമപിതാ പരമാത്മാവെന്ന് പറയപ്പെടുന്നു. ആത്മാവിന്റെയും പരമാത്മാവിന്റേയും രൂപം ഒന്നു തന്നെയാണ്. നമ്മൾ തീർച്ചയായും ആത്മാക്കളാണ്, പരം ആത്മാവ് സദാ പരംധാമത്തിൽ വസിക്കുന്നു. ഇംഗ്ലീഷിൽ *സുപ്രീം സോൾ* എന്ന് പറയപ്പെടുന്നു. ബാബ പറയുകയാണ് - നിങ്ങൾ പാടുന്നുമുണ്ട് ആത്മാവും പരമാത്മാവും അനേക കാലം വേറിട്ടിരുന്നു . . . . ഇങ്ങിനെ പറയുന്നില്ല പരമാത്മാവ്, പരമാത്മാവിൽ നിന്ന് വളരെ കാലം വേറിട്ടിരുന്നു. ഇല്ല. ഒന്നാമത്തെ അജ്ഞാനമാണ് ആത്മാവു തന്നെയാണ് പരമാത്മാവെന്നുള്ളത്, പരമാത്മാവു തന്നെയാണ് ആത്മാവെന്നുള്ളത്. ആത്മാവാണെങ്കിൽ ജനന-മരണത്തിൽ വരുന്നു. പരമാത്മാവ് പുനർജന്മത്തിൽ വരുന്നില്ല

ല്ലോ. ബാബ മനസ്സിലാക്കിത്തരികയാണ്, നിങ്ങൾ ഭാരതവാസികൾ സ്വർഗ്ഗവാസി, പൂജ്യരായിരുന്നു. ഇത് മുഴുവനും ഈശ്വരീയ ഫാമിലിയായില്ലേ. ശരി, ഇത് പറയൂ, നീ തന്നെയാണ് അച്ഛനും അമ്മയും എന്ന് ആരെയാണ് പറയുന്നത്? ഇത് ആരാണ് പറയുന്നത്? ആത്മാവാണ് പറയുന്നത്, നീ തന്നെയാണ് അച്ഛനും അമ്മയും . . . .. . നിന്റെ കൃപകൊണ്ട് അളവറ്റ സ്വർഗ്ഗീയ സുഖം . . . . സ്വർഗ്ഗത്തിൽ ലഭിച്ചിരുന്നു. അങ്ങ് മാതാ-പിതാവ് വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, അതുകൊണ്ട് ഞങ്ങൾ അങ്ങയുടെ കുട്ടികളായി മാറുന്നു. ബാബ പറയുന്നു - ഞാൻ സംഗമയുഗത്തിൽ തന്നെ വന്നാണ് നിങ്ങളെ പുതിയ ലോകത്തിലേയ്ക്ക് വേണ്ടി രാജയോഗം പഠിപ്പിക്കുന്നത്.

ബാബ വന്ന് മനസ്സിലാക്കിത്തരുന്നു - നിങ്ങൾ എന്നെ മറന്നിരിക്കുകയാണ്. എന്റെ ശിവ ജയന്തിയും ഭാരതത്തിൽ തന്നെയല്ലേ ആഘോഷിക്കുന്നത്. പാടപ്പെട്ടിട്ടുമുണ്ട് - ശിവരാത്രി. ഏതു രാത്രി? ഇത് ബ്രഹ്മാവിന്റെ പരിധിയില്ലാത്ത രാത്രിയാണ്. സംഗമയുഗത്തിൽ വന്നാണ് രാത്രിയിൽ നിന്ന് പകൽ അതായത് നരകത്തിൽ നിന്ന് സ്വർഗ്ഗമാക്കി മാറ്റുന്നത്. ശിവരാത്രിയുടെ അർത്ഥത്തെക്കുറിച്ചും ആർക്കും ഒന്നും അറിയില്ല. ഭഗവാൻ നിരാകാരനാണ്. മനുഷ്യരുടെയാണെങ്കിൽ ഓരോ ജന്മത്തിലും ശരീരത്തിന്റെ പേര് മാറുന്നു. പരമാത്മാവ് പറയുകയാണ് - എനിക്ക് ശാരീരിക പേരുതന്നെയില്ല. എന്റെ പേര് ശിവനെന്നു മാത്രമാണ്. ഞാൻ കേവലം വൃദ്ധ വാനപ്രസ്ഥ ശരീരത്തിന്റെ ആധാരമെടുക്കുന്നു. ഇദ്ദേഹം പൂജ്യനായിരുന്നു, ഇപ്പോൾ പൂജാരിയായി മാറിയിരിക്കുകയാണ്. ശിവബാബ വന്ന് സ്വർഗ്ഗം രചിക്കുന്നു. നാം അദ്ദേഹത്തിന്റെ മക്കളാണ്, എങ്കിൽ നാം തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരികളായി മാറണമല്ലോ. ശിവബാബയാണ് ഏറ്റവും ഉയർന്നവൻ. ബ്രഹ്മാ-വിഷ്ണു-ശങ്കരൻ മുതലായവരുടെ പാർട്ട് അവരരവരുടേതാണ്. ഓരോ അഭിനേതാവിന്റേയും പാർട്ട് വ്യത്യസ്തമാണ്. ഓരോ ആത്മാവിലും തന്റെ സുഖത്തിന്റെ പാർട്ട് അടങ്ങിയിട്ടുണ്ട്. ബാബ കല്പ-കല്പം വന്ന് ഭാരതവാസികളെ സ്വർഗ്ഗവാസികളാക്കി മാറ്റുന്നു, ബാബയെ മറന്നിരിക്കുകയാണ്. പറയാറുണ്ട് - ഇന്ന വ്യക്തി സ്വർഗ്ഗം പ്രാപിച്ചു. പക്ഷെ ഇപ്പോൾ നരകമാണെങ്കിൽ പുനർജന്മവും നരകത്തിൽ തന്നെയായിരിക്കും. അങ്ങിനെയാണെങ്കിൽ പിന്നെ എന്തിനാണ് നിങ്ങൾ അവരെ നരകത്തിലെ ഭോജനം കഴിപ്പിക്കുന്നത്! സ്വർഗ്ഗത്തിലാണെങ്കിൽ അളവറ്റ വൈഭവങ്ങളുണ്ട്. പിന്നെ എന്തിനാണ് ആ ആത്മാവിനെ വിളിപ്പിച്ച് നരകത്തിലെ ഭോജനം കഴിപ്പിക്കുന്നത്! പതിത ബ്രാഹ്മണരെ കഴിപ്പിക്കുന്നു, ഉള്ളി മുതലായവയും കഴിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ ഇങ്ങിനെയൊന്നുമുണ്ടാകുകയില്ല. നോക്കൂ, ഭാരതത്തിന്റെ സ്ഥിതി എന്തായിരിക്കുകയാണ്! ഭഗവാനുവാചാ - ഞാൻ ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂക്കണ്ണ് നൽകുകയാണ്. നിങ്ങൾ വീണ്ടും രാജാക്കന്മാരുടെ രാജാവായി മാറും. ദേവതകൾ 84 ജന്മങ്ങളെടുത്ത് പൂജ്യരിൽ നിന്ന് പൂജാരിയായിരിക്കുകയാണ്. നിങ്ങൾക്കറിയാം നാം ശിവബാബയുടെ അധികാരികളായിരുന്നു. ശിവബാബ സ്വർഗ്ഗവാസിയാക്കിയിരുന്നു, അതുകകൊണ്ടാണ് എല്ലാവരും ബാബയെ ഓർമ്മിക്കുന്നത്. അല്ലയോ *ഗോഡ് ഫാദർ* കനിവ് കാണിക്കൂ. സന്യാസിമാരും സാധന ചെയ്യുന്നു, കാരണം ഇവിടെ ദുഃഖമാണ്, അതുകൊണ്ട് നിർവ്വാണധാമത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു. ആത്മാവ് പരമാത്മാവിൽ ലയിക്കുന്നില്ല. ഇങ്ങിനെ കരുതുന്നത് തെറ്റാണ്. ഇപ്പോൾ നിങ്ങൾ പറയുന്നു - ആത്മാവ് പരംധാമത്തിലാണ് വസിക്കുന്നത്. നാം ആത്മാക്കൾ തന്നെ ദേവി-ദേവതാ കുലത്തിൽ വരും, പിന്നീട് 84 ജന്മങ്ങളെടുക്കും. നാം ആത്മാക്കൾ പിന്നീട് ദേവീകുലം, ക്ഷത്രിയകുലം, വൈശ്യകുലം, ശൂദ്രകുലം മുതലായതിൽ വരും. ശിവബാബ ജനനമരണത്തിൽ വരുന്നില്ല, കേവലം വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. പാടപ്പെട്ടിട്ടുമുണ്ട് സത്യയുഗത്തിൽ സൂര്യവംശി ശ്രീ ലക്ഷ്മി-നാരായണന്റെ തലമുറയായിരുന്നു. ഏതുപോലെ ക്രിസ്റ്റ്യൻ തലമുറയിൽ എഡ്വേഡ് ഒന്നാമൻ, എഡ്വേഡ് രണ്ടാമൻ, മൂന്നാമൻ എന്നത് നടക്കുന്നു. ഇങ്ങിനെ തന്നെ അവിടെയും ലക്ഷ്മീ-നാരായണൻ ഫസ്റ്റ്, ലക്ഷ്മി-നാരായണൻ സെക്കന്റ്, തേഡ്, അങ്ങിനെ 8 തലമുറ നടക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരുടെ മൂന്നാം നേത്രം തുറന്നിരിക്കുകയാണ്. ബാബയിരുന്ന് ആത്മാക്കളോട് സംസാരിക്കുകയാണ്. നിങ്ങളിങ്ങിനെ 84 ന്റെ ചക്രം കറങ്ങി, ഇത്ര ഇത്ര ജന്മങ്ങളെടുത്ത് വന്നിരിക്കുന്നു. വർണ്ണങ്ങളുടേയും ഒരു ചിത്രമുണ്ടാക്കുന്നുണ്ട്, അതിൽ ദേവത-ക്ഷത്രിയ-വൈശ്യ-ശൂദ്രരെ കാണിക്കുന്നുണ്ട്. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് നമ്മൾ തന്നെയാണ് ശ്രേഷ്ഠ ബ്രാഹ്മണർ. ഈ സമയത്ത് പ്രാക്ടിക്കലിൽ നാം ഈശ്വരീയ സന്താനങ്ങളാണ്, നാം ഈ സമയത്ത് രാജയോഗം കൊണ്ടും ജ്ഞാനം കൊണ്ടും അളവറ്റ സുഖം പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. ചിലർ സൂര്യവംശി രാജ്യ പദവിയെടുക്കുന്നു, ചിലർ ചന്ദ്രവംശിയുടെ എടുക്കുന്നു. മഴുവൻ രാജധാനിയും സ്ഥാപിതമായിക്കൊണ്ടിരിക്കുകയാണ്. ഓരോരുത്തരും തന്റെ പുരുഷാർത്ഥം കൊണ്ടാണ് ആ പദവി പ്രാപ്തമാക്കുന്നത്. ആരെങ്കിലും ബാബയോട് ചോദിക്കുകയാണ്, പഠിച്ച് പഠിച്ച് ഇപ്പോൾ ശരീരം വിടുകയാണെങ്കിൽ എന്തു പദവിയാണ് ലഭിക്കുക, ബാബയ്ക്ക് അത് പറഞ്ഞുതരാൻ കഴിയും. യോഗം കൊണ്ടാണ് ആയുസ്സ് വർദ്ധിക്കുന്നത്, വികർമ്മ വിനാശം നടക്കുന്നത്. പതിതത്തിൽ നിന്ന് പാവനമായി മാറുന്നതിന് വേറെ ഒരു ഉപായവുമില്ല. പതിത-പാവനനെന്നു പറയുമ്പോൾ തന്നെ ഭഗവാന്റെ ഓർമ്മ വരുന്നു. ഭഗവാൻ ആരാണ് - ഇത് അറിയുകയുമില്ല. ബാബ പറയുന്നു - ഞാൻ വരുന്നത് ഭാരതത്തിലാണ്, ഇത് എന്റെ ജന്മഭൂമിയാണ്.

സോമനാഥന്റെ ക്ഷേത്രം എത്ര മനോഹരമായാണുണ്ടാക്കിയിട്ടുള്ളത്. ഭക്തി മാർഗ്ഗത്തിലാണ് ഈ ഓർമ്മ ചിഹ്നങ്ങൾ ഉണ്ടാക്കാൻ തുടങ്ങുന്നത്. പൂജാരിയാകുമ്പോൾ ആദ്യമാദ്യം സോമനാഥന്റെ ക്ഷേത്രമുണ്ടാക്കുന്നു. ക്ഷേത്രങ്ങളിൽ അളവറ്റ ധനമുണ്ടായിരുന്നു. ഭാരതം വജ്രതുല്യമായിരുന്നു, ഇപ്പോൾ കക്കക്കുതുല്യമായിരിക്കുകയാണ്. പിന്നീട് ബാബ വന്ന് ഭാരതത്തെ വജ്രസമാനമാക്കുന്നു. മുഴുവൻ വൃക്ഷവും ഇപ്പോൾ അഴുകിയ അവസ്ഥയിലാണ്. ബാബ പറയുന്നു – തന്റെ മുഖം കണ്ണാടിയിൽ ഒന്നു നോക്കൂ, ലക്ഷ്മീ–നാരായണനെ വരിക്കാൻ യോഗ്യതയുണ്ടോ. നാരദന്റെ കഥയുണ്ടല്ലോ. പതിത ആത്മാവിന് ലക്ഷ്മീ–നാരായണനെ എങ്ങിനെ വരിക്കാൻ കഴിയും? വികാരത്തിൽ പോയി എങ്കിൽ പാസ്പ്പോർട്ട് ക്യാൻസലാകും. സ്വയം സ്വയത്തെ നോക്കണം – ഞാൻ ബാബ മമ്മയുടെ സിംഹാസനത്തിന് യോഗ്യതയുള്ള രീതിയിലുള്ള പുരുഷാർത്ഥം ചെയ്യുന്നുണ്ടോ. ഇത് പതിത ലോകമാണ്. പവിത്രതയാണ് മുഖ്യം. ഇപ്പോളാണെങ്കിൽ *നോ ഹെൽത്ത്, നോ വെൽത്ത്, നോ ഹാപ്പിനസ്സ്*. ഇത് മരുഭൂമിയിലെ ജല സമാന (മൃഗതൃഷ്ണ) രാജ്യമാണ്. ഇത് സംബന്ധിച്ച് തന്നെയാണ് ദുര്യോധനന്റെ കഥ പുരാണങ്ങളിൽ കാണിച്ചിട്ടുള്ളത്. ദുര്യോധനനെന്ന് വികാരിയെയാണ് പറയപ്പെടുന്നത്. ദ്രൗപദി പറയുന്നു, എന്റെ മാനം സംരക്ഷിക്കൂ. ഇവിടെയുള്ളവരെല്ലാം ദ്രൗപദിമാരല്ലേ. ബാബ എത്ര നല്ല രീതിയിലാണ് പറഞ്ഞുമനസ്സിലാക്കിത്തരുന്നത്, എത്രയും ബാബയുമായി ബുദ്ധിയോഗം വെക്കുന്നുവോ അത്രയും ധാരണയുണ്ടാകും. ജ്ഞാനം ബ്രഹ്മചര്യത്തിലാണ് പഠിക്കാറ്. ബാബ പറയുന്നു – ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ട് കമല പുഷ്പ സമാനമിരിക്കണം. രണ്ടു ഭാഗത്തും (ലൗകികവും അലൗകികവും) കടമ നിറവേറ്റണം, മരണവും തീർച്ചയാണ്. മരണ സമയത്ത് മനുഷ്യർക്ക് മന്ത്രം നൽകാറുണ്ട്. ബാബ പറയുന്നു – നിങ്ങളെല്ലാവരും മരിക്കാൻ പോകുന്നവരാണ്. കാലന്റേയും കാലനായ ഞാൻ എല്ലാവരേയും തിരികെ കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. അപ്പോൾ സന്തോഷമുണ്ടാകേണ്ടതല്ലേ. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് അവർ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. പഠിക്കുന്നില്ലായെങ്കിൽ പ്രജാപദവിയെടുക്കും. ഇവിടെ നിങ്ങൾ വന്നിരിക്കുന്നത് രാജപദവിയെടുക്കാനാണ്. ഇത് പഠനമാണ്, ഇവിടെ അന്ധവിശ്വാസത്തിന്റെ യാതൊരുകാര്യവുമില്ല. ഇത് രാജ്യപദവിക്കു വേണ്ടിയുള്ള പഠനമാണ്. ഏതുപോലെ ആ പഠനത്തിൽ ലക്ഷ്യം വെക്കുന്നു, വക്കീലായി മാറണമെങ്കിൽ പഠിപ്പിക്കുന്ന ടീച്ചറിൽ ശ്രദ്ധ വെക്കേണ്ടിവരും. ഇവിടെ നിങ്ങളെ സ്വയം ഭഗവാനാണ് പഠിപ്പിക്കുന്നത്, എങ്കിൽ ഭഗവാനോട് യോഗവും വെക്കണം.

ബാബ പറയുന്നു – ഞാൻ വളരെ വളരെ ദൂരേയുള്ള പരമധാമത്തിൽ നിന്നാണ് വരുന്നത്. പരമധാമം എത്ര ഉയർന്നതാണ്. സൂക്ഷ്മ വതനത്തേക്കാളും ഉയർന്നതാണ്. അവിടെ നിന്ന് ഇവിടെ വരാൻ എനിക്ക് ഒരു സെക്കന്റു മതി. ബാബയെക്കാളും തീവ്രതയേറിയ വേറെ ഒന്നും തന്നെയുണ്ടാകുകയില്ല. സെക്കന്റിൽ ജീവൻമുക്തി നൽകുന്നു. ജനകന്റെ ദൃഷ്ടാന്തം പറയപ്പെട്ടിട്ടുണ്ടല്ലോ. ഇപ്പോൾ ഈ പഴയലോകം നരകമാണ്. പുതിയ ലോകത്തെയാണ് സ്വർഗ്ഗമെന്നു പറയുന്നത്. ബാബ നരകത്തിന്റെ വിനാശം ചെയ്യിപ്പിച്ച് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യിപ്പിക്കുന്നു. വേറെ ബാബയെ സർവ്വവ്യാപിയെന്നു പറഞ്ഞ് എന്തു ലഭിക്കാനാണ്? ഒന്നും ലഭിക്കുകയില്ല. ബാബയാണെങ്കിൽ വന്ന് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാക്കിയുള്ള എല്ലാ ആത്മാക്കളും ശാന്തിധാമത്തിലേയ്ക്കു പോകും. ആത്മാവ് അമരനാണ്, ആത്മാവിന് അമരമായ പാർട്ടുമാണ് ലഭിച്ചിരിക്കുന്നത്. പിന്നെയെങ്ങിനെ ആത്മാവ് ചെറുതും വലുതുമാകും. ആത്മാവെന്നു പറയുന്നതു തന്നെ സൂക്ഷ്മാതി സൂക്ഷ്മ നക്ഷത്രമാണ്. ചെറുതും വലുതുമാകില്ല. നിങ്ങളിപ്പോൾ ഈശ്വരീയ വിദ്യാർത്ഥികളാണ്, *ഗോഡ്ഫാദർ നോളേജ്ഫുൾ, ബ്ലിസ്ഫുൾ* ആണ്. ഈശ്വരനാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാം ഈ പഠനംകൊണ്ട് നിങ്ങൾ ദേവി–ദേവതകളായി മാറും. നിങ്ങൾ ഭാരതത്തിന്റെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ആദ്യമാദ്യം ബാബയുടേതായി മാറണം, മറ്റിടങ്ങളിലാണെങ്കിൽ ഗുരുവിന്റെ പക്കലാണ് പോകുന്നത്, അദ്ദേഹത്തിന്റേതായി മാറുന്നു, അതായത് അദ്ദേഹത്തെ തന്റെ ഗുരുവായി അംഗീകരിക്കുന്നു. ഇവിടെയാണെങ്കിൽ അച്ഛനാണ്. അതുകൊണ്ട് ആദ്യം ബാബയുടെ കുട്ടിയായി മാറേണ്ടതുണ്ട്. ബാബ കുട്ടികൾക്ക് തന്റെ സമ്പത്ത് നൽകുന്നു. ബാബ പറയുന്നു, കുട്ടികളെ, നിങ്ങൾ കൈമാറ്റം ചെയ്യൂ. നിങ്ങളുടെ പഴതെല്ലാം എനിക്ക് തന്നുകൊള്ളൂ എന്റെയെല്ലാം നിങ്ങളെടുത്തുകൊള്ളൂ. ദേഹസഹിതം എന്തെല്ലാമുണ്ടോ എല്ലാം എനിക്കു തരൂ, ഞാൻ നിങ്ങളുടെ ആത്മാവിനേയും ശരീരത്തേയും പവിത്രമാക്കിത്തരാം, രാജപദവിയും തരാം. നിങ്ങളുടെ പക്കലുള്ളതെല്ലാം അർപ്പിക്കൂ. എന്നെ ട്രസ്റ്റി (സൂക്ഷിപ്പുകാരൻ) യാക്കി മാറ്റൂ, എന്റെ ശ്രീമത പ്രകാരം നടക്കൂ. ജനകൻ രാജ്യഭാഗ്യസഹിതം ബലിയർപ്പണം ചെയ്തു, അദ്ദേഹത്തിന് ജീവൻ മുക്തിയും ലഭിച്ചു. ബാബാ, ഇതെല്ലാം അങ്ങയുടേതാണ്. ബാബ പറയുന്നു, എന്നെ അവകാശിയാക്കി മാറ്റൂ, ഞാൻ നിങ്ങളെ 21 ജന്മത്തേക്ക് അധികാരിയാക്കി മാറ്റും. കേവലം എന്റെ നിർദ്ദേശപ്രകാരം നടക്കൂ. ജോലി വേലകൾ ചെയ്തുകൊള്ളൂ, വിദേശത്തേയ്ക്ക് പോയിക്കൊള്ളൂ, എന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ, കേവലം എന്റെ മതപ്രകാരം നടക്കൂ. വളരെ ശ്രദ്ധിച്ചിരിക്കണം. മായ ഇടക്കിടെ അടിക്കും. യാതൊരു വികർമ്മങ്ങളും ചെയ്യരുത്. ഓരോ ചുവടും ശ്രീമതപ്രകാരം നടക്കണം, എങ്കിൽ നിങ്ങൾ ശ്രേഷ്ഠമായി മാറും. ബാബ ദാതാവാണ്, കേവലം

നിങ്ങളെ ട്രസ്റ്റിയാക്കുകയാണ്. പറയാറുമുണ്ട് ഈ കുട്ടികൾ, സമ്പത്ത് - എല്ലാം ഭഗവാൻ നൽകിയതാണ്. ഇപ്പോൾ ഭഗവാൻ പറയുകയാണ്, എനിക്ക് തരൂ. ഞാൻ ബദലായി വേറെ തരാം. ഞാൻ പ്രതിജ്ഞ ചെയ്യുന്നു - ശ്രീമതപ്രകാരം നടന്നാൽ നിങ്ങളെ ശ്രേഷ്ഠമാക്കി മാറ്റാം. ഇത് രാജയോഗമാണ്. ഈ ലക്ഷ്മീ-നാരായ ണനും ഈ രാജയോഗം കൊണ്ടാണ് ഇങ്ങിനെയായത്. ലക്ഷ്മീ-നാരായണന്റെ ക്ഷേത്രമുണ്ടാക്കിയ ബിർളക്കും അറിയുകയില്ല ലക്ഷ്മീ-നാരായണൻ എങ്ങിനെയാണ് ഇത്രയും സമ്പന്നനായി മാറിയതെന്ന്! ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു - ഇവിടത്തെ ദരിദ്രർ അവിടെ സമ്പന്നരായി മാറും, ഇവിടത്തെ ധനവാന്മാരുടെ എല്ലാം മണ്ണിലടിഞ്ഞു ചേരും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. മാതാ-പിതാക്കളുടെ സിംഹാസനത്തിന് അധികാരിയായി മാറണമെങ്കിൽ പവിത്രതയുടെ ധാരണ ചെയ്യ ണം. രണ്ടു ഭാഗത്തേയും കടമ നിർവ്വഹിച്ചുകൊണ്ട് പഠനത്തിൽ പൂർണ്ണ ശ്രദ്ധകൊടുക്കണം.

2. യാതൊരു വികർമ്മങ്ങളും ചെയ്യരുത്. വളരെ ശ്രദ്ധയോടെ ശ്രീമതപ്രകാരം നടന്നുകൊണ്ടിരിക്കണം. തീർച്ചയായും ട്രസ്റ്റിയായി മാറണം.

## വരദാനം: മസ്തക മദ്ധ്യത്തിൽ സദാ ബാബയുടെ സ്മൃതി ഉണർത്തിക്കൊണ്ടിരിക്കുന്ന മസ്തകമണിയായി ഭവിക്കട്ടെ.

ആരുടെ മസ്തകത്തിലാണോ സദാ ബാബയുടെ ഓർമ്മയിരിക്കുന്നത് അവരാണ് മസ്തകമണി, ഇതിനെത്തന്നെയാണ് ഉയർന്ന സ്ഥിതി എന്ന് പറയപ്പെടുന്നത്. സ്വയത്തെ സദാ അങ്ങനെയുള്ള ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന ശ്രേഷ്ഠആത്മാവെന്ന് മനസ്സിലാക്കി മുന്നേറിക്കൊണ്ടിരിക്കൂ. ആരാണോ ഈ ഉയർന്ന സ്ഥിതിയിൽ ഇരിക്കുന്നത് അവർ താഴെയുള്ള അനേക പ്രകാരത്തിലുള്ള പ്രശ്നങ്ങളെ സഹജമായി മറികടക്കുന്നു. പ്രശ്നങ്ങൾ താഴെയും സ്വയം മുകളിലുമാകുന്നു. മസ്തകമണിയുടെ സ്ഥാനം തന്നെ ഉയർന്ന മസ്തകത്തിലാണ്, അതിനാൽ താഴെക്ക് വരരുത്, സദാ ഉയരത്തിലിരിക്കൂ.

## സ്ലോഗൻ:- ചിന്തയില്ലാത്ത ചക്രവർത്തിയുടെ സ്ഥിതിയുടെ അനുഭവം ചെയ്യണമെങ്കിൽ "എന്റെ" എന്നതിനെ "നിന്റെ" എന്നതിലേക്ക് പരിവർത്തനപ്പെടുത്തൂ.